(സി) ഈ സ്ഥിരം ഒഴിവുകളിലേക്ക് ഓരോ ജില്ലയിൽ നിന്നും എത്രപേരെ പി.എസ്.സി.യുടെ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമിച്ചു;

(ഡി) സ്ഥിരം ഒഴിവ് വന്നപ്പോൾ പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരുന്ന പക്ഷം പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നപ്പോൾ അതിൽ നിന്നും ഓരോ ജില്ലയിലും എത്രപേരെ നിയമിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) സ്ഥിരം ഒഴിവിലേക്ക് പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം കൊടുക്കാത്ത ജില്ലയുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഏത് ജില്ല; അവിടെ സ്ഥിരം ഒഴിവിലേക്ക് പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(ജി) അവിടെ ഈ ഒഴിവുകൾ നികത്താതെ ഇട്ടിരിക്കുകയായിരുന്നുവോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ജി) വിവരം ശേഖരിച്ചു വരുന്നു.

ടി.ടി.സി., ടി.ടി.ഐ. പ്രവേശനത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം

100 [5080] ശ്രീ. സി. ടി. അഹമ്മദ് അ്ലി :
„ പി. കെ. അബ്ദുറബ്ബ്:
„ ടി. പി. എം. സാഹിർ:
„ പി. കെ. കെ. ബാവ:
„ ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ പ്രൈമറി അദ്ധ്യാപക നിയമനത്തിനുവേണ്ട യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര ടി.ടി.സി. കോളേജുകളും, ടി.ടി.ഐ.കളും ഉണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ സർക്കാർ-സ്വകാര്യ മാനേജ്മെന്റ് എന്നിവയുടെ കീഴിലുള്ളവ ഏതെല്ലാമെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ പ്രവേശനത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തെല്ലാമാണെന്നും, നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സർക്കാർ നടത്തുന്ന എസ്.എസ്.എൽ.സി.-യും, ടി.ടി.സി.യും പാസ്സായിരിക്കണമെന്നതാണ് പ്രൈമറി ടീച്ചറുടെ യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. തത്തുല്യ യോഗ്യതയുള്ളവരെയും പരിഗണിക്കും. യു.പി. സ്കൂളിൽ ബി.എഡ്. ബിരുദം നേടിയവരെയും നിയമിക്കും. 8-6-2000-ന് ശേഷം എൽ.പി.എസ്.എ. മാരായി ബി.എഡ്.കാരെ നിയമിക്കാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ആകെ 101 ടി.ടി.ഐ. കളാണ് ഇപ്പോൾ ഉള്ളത്.

1.	തിരുവനന്തപുരം	..	9
2.	കൊല്ലം	..	8
3.	പത്തനംതിട്ട	..	10
4.	ആലപ്പുഴ	..	9
5.	കോട്ടയം	..	10
6.	ഇടുക്കി	..	5
7.	എറണാകുളം	..	14
8.	തൃശ്ശൂർ	..	9
9.	പാലക്കാട്	..	7
10.	മലപ്പുറം	..	5
11.	കോഴിക്കോട്	..	5
12.	വയനാട്	..	3
13.	കണ്ണൂർ	..	4
14.	കാസർഗോഡ്	..	3

(സി)

	ജില്ല	സർക്കാർ	മാനേജ്മെന്റ്
1.	തിരുവനന്തപുരം	4	5
2.	കൊല്ലം	2	6
3.	പത്തനംതിട്ട	1	9
4.	ആലപ്പുഴ	3	6
5.	കോട്ടയം	3	7
6.	ഇടുക്കി	3	2
7.	എറണാകുളം	4	10
8.	തൃശ്ശൂർ	2	7
9.	പാലക്കാട്	3	4
10.	മലപ്പുറം	2	3
11.	കോഴിക്കോട്	3	2
12.	വയനാട്	2	1
13.	കണ്ണൂർ	4	0
14.	കാസർഗോഡ്	2	1
		38	63

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ ടി.ടി.ഐ. യിലും എൻ.സി.റ്റി.ഇ. നിഷ്കർച്ചിട്ടുള്ള സീറ്റുകളിലേക്ക് മാത്രമേ പ്രവേശനം നൽകുവാൻ പാടുള്ളൂ. അപേക്ഷകർ, പ്രീഡിഗ്രിയോ, പ്ലസ് ടുവോ അല്ലെങ്കിൽ കേരള സർക്കാർ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള പരീക്ഷയിലോ ചുരുങ്ങിയത് 50% മാർക്ക് വാങ്ങിയിരിക്കണം. യോഗ്യതാ പരീക്ഷ പാസ്സാകാൻ മൂന്ന് ചാൻസിൽ കൂടുതൽ എടുക്കുവാൻ പാടില്ല. പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് മാർക്കിന്റെയും ചാൻസിന്റെയും പരിധി ബാധകമല്ല. ഒ.ബി.സി. വിഭാഗക്കാർക്ക് മാർക്കിൽ 2% ഇളവ് അനുവദിച്ചിട്ടുണ്ട്. അപേക്ഷകർക്ക് പ്രവേശന സമയത്ത് 17 വയസ്സിൽ കുറവോ 38 വയസ്സിൽ കൂടുതലോ ആകാൻ പാടുള്ളതല്ല. ഉയർന്ന പ്രായപരിധിയിൽ ഒ.ബി.സി. മൂന്ന് വർഷവും എസ്.സി./എസ്.റ്റി. വിഭാഗക്കാർക്ക് അഞ്ച് വർഷവും ഇളവ് അനുവദിച്ചിട്ടുണ്ട്. ആകെ സീറ്റിൽ സയൻസ് വിഭാഗത്തിൽ 40%, ഹ്യൂമാനിറ്റീസ് വിഭാഗത്തിൽ 40%, കൊമേഴ്സ് വിഭാഗത്തിൽ 20% എന്നിങ്ങനെ നിജപ്പെടുത്തിയിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ എൽ.പി./യു.പി. അസിസ്റ്റന്റ് നിയമനം

101 [5081] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ എൽ.പി./യു.പി. അസിസ്റ്റന്റ് നിയമനത്തിനായി അനുമതി ആവശ്യപ്പെട്ടുകൊണ്ട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സർക്കാരിലേക്ക് എഴുതിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിൽ പ്രസ്തുത തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ട്;

(ഡി) എത്ര ദിവസക്കൂലി അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്;

(ഇ) റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ദിവസക്കൂലി നിയമനം നടത്താൻ നിയമം അനുശാസിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത നിയമത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(എഫ്) ദിവസക്കൂലി നിയമനം നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ജി) അപ്രകാരം ഉത്തരവിറക്കുന്നതിന് മുമ്പ് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ അനുമതി വാങ്ങിയിരുന്നോ;

(എച്ച്) നിയമവിരുദ്ധമായ ഉത്തരവിറക്കിയ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇപ്രകാരം സർക്കാരിലേക്കെഴുതിയ കത്തിൽ 78 എൽ.പി./യു.പി. അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാനുള്ള സർക്കാർ അനുമതിയാണ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ആവശ്യപ്പെട്ടിരിക്കുന്നത്.

(ബി) പ്രസ്തുത ആവശ്യത്തിന്മേലുള്ള ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം/ഉപദേശം ആരായുന്നതിനായി സർക്കാർ അയച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly